Page 1 of 1

(ബി&സി) സ്വന്തമായി 2 സെന്റ്/3 സെന്റ് ഭൂമി കൈവശമുള്ള ദുർബല വിഭാഗം (BPL/APL) താഴ്ന്ന വരുമാന വിഭാഗക്കാർക്ക് സന്നദ്ധസംഘടന/NGO/കാരുണ്യവാന്മാരായ വ്യക്തികളുടെ സഹകരണത്തോടെ പരമാവധി 60 ച.മീ. വിസ്തീർണ്ണമുള്ള വീട് നിർമ്മിക്കുന്നതിനായി സർക്കാർ സബ്സിഡിയായി 2 ലക്ഷം രൂപ ലഭ്യമാക്കുന്ന പദ്ധതിയാണ് ഗൃഹശ്രീ ഭവന പദ്ധതി. സർക്കാർ വകയിരുത്തിയ സബ്സിഡി തുക വിനിയോഗിച്ച് 1234 പേർക്ക് ഭവനം നിർമ്മിക്കുവാൻ സാധിക്കുന്നതാണ്. വീട് നിർമ്മാണത്തിനുള്ള ബാക്കി തുകയിൽ 1 ലക്ഷം രൂപ ഗുണഭോക്താവിനെ സ്പോൺസർ ചെയ്യുന്ന സന്നദ്ധസംഘടനാ വിഹിതമായും വീട് പൂർത്തീകരിക്കാനാവശ്യമായ ബാക്കി തുക ഗുണഭോക്തൃ വിഹിതവുമായും കണ്ടെത്തേണ്ടതാണ്.

(ഡി) വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.*

## ഗൃഹശ്രീ ഭവന പദ്ധതിയിൽ സ്പോൺസർമാർ

205 (3866) ശ്രീ. പി. റ്റി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗൃഹശ്രീ ഭവനപദ്ധതിയിൽ ഉൾപ്പെടുത്തി ഇതുവരെയായി എത്ര വീടുകൾക്ക് ധനസഹായം ലഭ്യമാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) ഈ പദ്ധതിപ്രകാരം ധനസഹായം ലഭ്യമാക്കിയ വീടുകൾക്ക് സ്പോൺസർമാരായി എത്രപേർ വിഹിതം നൽകിയെന്നും ഇവർ ആരെല്ലാമാണെന്നും ഓരോരുത്തരും എത്ര വീടുകൾ വീതമാണ് സ്പോൺസർ ചെയ്തതെന്നും വ്യക്തമാക്കാമോ ?

### ഉത്തരം

(എ) ഗൃഹശ്രീ ഭവന പദ്ധതി പ്രകാരം സ്പോൺസർഷിപ്പ് ലഭിച്ച 525 പേരിൽ 297 പേരാണ് ഗുണഭോക്തൃവിഹിതം ബോർഡിൽ ഒടുക്കിയിട്ടുള്ളത്. ബോർഡ് നിഷ്കർഷിച്ചിട്ടുള്ള അർഹതാ മാനദണ്ഡം പരിശോധിച്ച് ടി പദ്ധതിക്കായി നിഷ്കർഷിച്ചിട്ടുള്ള രേഖകൾ പരിശോധനയ്ക്ക് സമർപ്പിക്കുന്ന മുറയ്ക്ക് നിർമ്മാണ പുരോഗതി വിലയിരുത്തി ബോർഡിൽനിന്നും ഗഡുക്കൾ അനുവദിച്ചുവരുന്നു. ഇപ്രകാരം 281 പേർക്ക് ഒന്നാം ഗഡുവും 124 പേർക്ക് രണ്ടാം ഗഡുവും, 35 പേർക്ക് മൂന്നാം ഗഡുവും, 6 പേർക്ക് നാലാം ഗഡുവും നൽകിയിട്ടുണ്ട്.

(ബി) ഈ പദ്ധതി പ്രകാരം ധനസഹായം ലഭിക്കുന്ന 525 വീടുകൾക്ക് സ്പോൺസർഷിപ്പ് തുക ഒടുക്കിയ സംഘടനകൾ/എൻ.ജി.ഒ/കാരുണ്യവാന്മാരായ വ്യക്തികൾ എന്നിവരെ സംബന്ധിക്കുന്ന വിവരവും ഇവർ എത്ര വീടുകൾ വീതമാണ് സ്പോൺസർ ചെയ്തത് എന്നത് സംബന്ധിച്ച വിശദാംശവും അനുബന്ധമായി ചേർത്തിരിക്കുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly